ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ രാജ്യത്ത് സ്വകാര്യ ആശുപത്രി വ്യവസായം വമ്പിച്ച ലാഭകരമായ വ്യവസായമായി വളർന്നുകഴിഞ്ഞിരിക്കുന്നുവെന്നുള്ളതും അവിടത്തെ അടിസ്ഥാനശമ്പളവും മറ്റു വരുമാനമാർഗ്ഗങ്ങളും തുലോം കുറവാണെന്നും ഒക്കെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടും കേന്ദ്രനിയമം പ്രതീക്ഷിച്ചിരിക്കുന്നതല്ലാതെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കാര്യമായ നടപടി എടുക്കുന്നില്ല. ഏത് നിയമവും വരുന്നതിന് കാലതാമസം ഉണ്ടാകും. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിന്റെ പരിധിയിൽ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരെ കൊണ്ടുവരികയും ലേബർ ഡിപ്പാർട്ടുമെന്റിന് ഈ പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുള്ള അവസരം നൽകുകയും ചെയ്യുമോ?

ശ്രീ. എം. കെ. രാഘവൻ: ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിൽ ആശുപത്രികളും പെടുന്നില്ലെന്ന ഒരു സ്ഥിതിവിശേഷം ഇപ്പോഴില്ല. ഇപ്പോഴത്തന്നെ പല വകുപ്പുകളും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിലുള്ളത് ഇതിന് ബാധകമാണ്. അതനുസരിച്ച് പലതും നടപ്പിലുണ്ട്. അന്വേഷണം നടത്തുന്നതിനുവേണ്ടി രൂപീകരിച്ചകമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ഓരോ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. മിനിമം വേജസ് അവിടെ പ്രിസ്ക്രൈബ് ചെയ്യുന്നതിന് നോട്ടിഫിക്കേഷൻ നടത്തിയിരിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്വകാര്യ ആശുപത്രികളും ഇന്ന് പ്രധാനപ്പെട്ട ഒരു വ്യവസായമായി കേരളത്തിൽ വളർന്നിട്ടുണ്ട്. അവരുടെ സേവന വേതന വ്യവസ്ഥകളെസംബന്ധിച്ച് നിയമമില്ലാത്തതുകൊണ്ട് ഇപ്പോഴും ഗവൺമെന്റ് പ്രഖ്യാപിച്ച മിനിമം വേജസെങ്കിലും കൊടുക്കുമോ? കൂലി കൂടുതൽ ചോദിച്ച ആളുകളെ പിരിച്ചുവിട്ടിട്ട് മൂന്നു നാലു മാസമായി. ഇടപ്പള്ളിയിലെ ആശുപത്രിയിൽ സമരം നടന്നുവരികയാണ്. പോലീസ് രംഗത്തുവന്ന് സമരം ചെയ്യുന്നവർക്കു എതിരെ നടപടിയെടുക്കുന്നു. ഇത്തരം നടപടികളും അവസാനിപ്പിക്കാനും പിരിച്ചുവിട്ട ആളുകളെ തിരിച്ചെടുക്കാനും കൂലി കൂടുതൽ കൊടുക്കാനും വേണ്ട ഏർപ്പാട് ഉണ്ടാക്കുമോ?

ശ്രീ. എം. കെ. രാഘവൻ: മിനിമം വേജസ് പ്രിസ്ക്രൈബ് ചെയ്യുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുകയാണ്. എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ രണ്ടുമാസത്തിനകം സമർപ്പിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ കൊടുത്തിട്ടുണ്ട്. അതിനുശേഷവും മിനിമംവേജസ് അഡ്വൈസറി ബോർഡിൽപോയി അവർകൂടി ഫൈനലൈസ് ചെയ്തതിനുശേഷമേ മുഴുവനാകുകയുള്ളൂ. ഇപ്പോഴും തർക്കമുണ്ട്. വ്യവസായത്തിന്റെ രൂപത്തിൽ ആണ് ഇത് വളർന്നുകൊണ്ടിരിക്കുന്നത്. അതിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

† ശുദ്ധജല വിതരണപദ്ധതിക്ക് എൽ.ഐ.സി. ലോൺ

*229 [246] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ശുദ്ധജല വിതരണ പദ്ധതിക്കു എൽ.ഐ.സി. ലോൺ അനുവദിക്കുന്നുണ്ടോ?

ഉ. വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദ്കോയ): ഉണ്ട്.

† Put by Shri. Panarath Kunhi Mohammed.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്: കേരളത്തിലെ പല ഗ്രാമങ്ങളിലും പട്ടണങ്ങളിലും ശുദ്ധജല വിതരണത്തിന് സൗകര്യമില്ല എന്നതിനെ പരിഗണിച്ച് ശുദ്ധജലവിതരണത്തിനുള്ള ഒരു ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്: എൽ.ഐ.സി.യിൽ നിന്നു ലോൺ എടുത്തു നടപ്പാക്കിയ വടകര ശുദ്ധജലവിതരണ പദ്ധതിയുടെ കീഴിൽ അന്നു ആവശ്യപ്പെട്ടിരുന്ന പല പഞ്ചായത്തുകളിലും ഇപ്പോഴും ശുദ്ധജലം ലഭിക്കുന്നില്ലെന്നുള്ളതിനെ പരിഗണിച്ച് ഇത്തരം പഞ്ചായത്തുകളിൽ ശുദ്ധജലം നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എൽ.ഐ.സി.യിൽനിന്നു പണം കിട്ടുകയാണെങ്കിൽ ആ കാര്യത്തെക്കുറിച്ച് ആലോചിക്കാം.

ശ്രീ. തോമസ് ജോസഫ്: എൽ.ഐ.സി. യിൽനിന്നും അതുപോലുള്ള സ്ഥാപനങ്ങളിൽനിന്നും പണം വാങ്ങി പല പഞ്ചായത്തുകളിലും ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിന്റെ അനാസ്ഥമൂലം അവ പ്രവർത്തനക്ഷമമല്ലെന്നു അറിയാമോ? അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏതെങ്കിലും പ്രവർത്തനക്ഷമമല്ലെന്നുള്ളത് പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ എന്തു നടപടിയെടുക്കാൻ കഴിയുമെന്നുള്ളത് ആലോചിക്കാം.

ശ്രീ. വട്ടിയൂർക്കാവ് രവി: കേരളത്തിലെ കോർപ്പറേഷനുകളിൽ തലസ്ഥാനനഗരികൂടിയായ തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിലെ പല സ്ഥലങ്ങളിലും ശുദ്ധജല വിതരണം ആരംഭിച്ചിട്ടില്ലെന്നും തിരുവനന്തപുരം ആഗുമെൻറേഷൻ സ്കീം പൂർത്തിയായാലേ ശുദ്ധജല വിതരണം നടപ്പാക്കാൻ കഴിയുകയുള്ളു എന്നുള്ളതുകൊണ്ടും അതിന്റെ പ്രവർത്തനം ഏതുവരെയായി; അതിന്റെ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പേപ്പാറ ഡാമിന്റെ പണി പൂർത്തിയാകുന്നതോടുകൂടി ആഗുമെൻറേഷൻ സ്കീം പൂർത്തിയാകുന്നതാണ്.

ശ്രീ. എം. കെ. ഹേമചന്ദ്രൻ: ഈ കൊല്ലം പുതുതായി ഏതെങ്കിലും പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനുള്ള സ്കീമിന് മുൻഗണന കൊടുക്കുന്നുണ്ടോ; അങ്ങനെ കൊടുക്കുന്നുണ്ടെങ്കിൽ ആലപ്പുഴ ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലെ അയിരൂർ തുടങ്ങിയ പഞ്ചായത്തുകൾക്ക് മുൻഗണന കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ പുതിയ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നത് എൽ.ഐ.സി. യിൽനിന്ന് ലോൺ ലഭിക്കുന്നതിനെ ആശ്രയിച്ചിരിക്കും. ബഹുമാനപ്പെട്ട മെമ്പർ നിവേദനം തന്നാൽ അതിനെക്കുറിച്ച് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹീം: എൽ.ഐ.സി. യിൽനിന്നു പണമെടുത്തു വലിയ വിലകൊടുത്തു ഭൂമി വാങ്ങിയിട്ടും ആലപ്പുഴ പോലുള്ള സ്ഥലങ്ങളിൽ ഈ ആവശ്യത്തിനു ഭൂമി ഉപയോഗിക്കാതെ വെറുതെയിട്ടിരിക്കുന്നതുകൊണ്ട് അങ്ങനെ എടുത്തിട്ടുള്ള സ്ഥലങ്ങളും ഈ ആവശ്യത്തിനു ഉപയോഗിക്കുന്നില്ലെങ്കിൽ അതു തിരിച്ചു മുൻസിപ്പാലിറ്റിക്ക് കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ സ്ഥലങ്ങളും ഉപയോഗപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പുതുതായി രൂപംകൊണ്ടിട്ടുള്ള മുൻസിപ്പാലിറ്റികൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾക്ക് മുൻഗണന കൊടുത്തുകൊണ്ട് അംഗീകാരം കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴത്തന്നെ പത്തു മുൻസിപ്പാലിറ്റികളിൽ വാട്ടർസപ്ലൈ സ്കീം എൽ.ഐ.സി.യുടെ സഹായത്തോടുകൂടി നടത്തുന്നുണ്ട്. പുതിയ മുൻസിപ്പാലിറ്റികളെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: കഴിഞ്ഞ രണ്ടു വർഷമായി വാട്ടർ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടിയെടുക്കുമെന്നു പറയുകയാണ്. ഈ ബോർഡ് രൂപീകരിക്കാത്തതുകൊണ്ടാണ് എൽ.ഐ.സി.യിൽ നിന്നു ലോൺ കിട്ടാൻ താമസം നേരിടുന്നതെന്നു അറിയാമോ; അതുകൊണ്ട് ഏറ്റവും വേഗത്തിൽ വാട്ടർബോർഡ് രൂപീകരിക്കുകയും പഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർ ബോർഡ് രൂപീകരിക്കുന്നത് എങ്ങനെ വേണം, ഏതു സംസ്ഥാനത്തിന്റെ മാതൃകയിൽവേണം പി.എച്ച്.ഇ.ഡി. ഡിപ്പാർട്ടുമെന്റിന്റെ സ്ഥാനം എന്തായിരിക്കണം എന്നീ കാര്യങ്ങളിൽ ഒരു തീരുമാനമെടുത്ത് ഉടൻതന്നെ രൂപീകരിക്കുന്നതാണ്.

ശ്രീ. ഈ. ചന്ദ്രശേഖരൻനായർ: പല പുതിയ സ്കീമുകളും ആരംഭിക്കുന്നതിനുമുൻപുതന്നെ ആരംഭിച്ച സ്കീമുകളിൽ വാട്ടർ സോഴ്സ് ഇല്ലാത്തതുകൊണ്ട് ശുദ്ധജലവിതരണം നടക്കുന്നില്ലെന്നുള്ളതിനെ പരിഗണിച്ച് ആ സ്കീമുകൾ ഏതെല്ലാമാണെന്നു പരിശോധിച്ച് ഒരു മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുതിയ സ്കീമുകൾ ആരംഭിക്കുന്നതിന് അതു തടസ്സമായി നിൽക്കേണ്ട കാര്യമില്ല. ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിച്ചതിനുശേഷം ഏതിലെങ്കിലും വെള്ളം കിട്ടാത്തതിന് ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അതിന് എന്തു ചെയ്യാമെന്നുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എൻ. ഭാസ്കരൻനായർ: എൽ.ഐ.സി.യിൽനിന്നു ലോൺ എടുത്തു ശുദ്ധജല വിതരണം നടപ്പാക്കിയിട്ടുള്ള പല മുൻസിപ്പാലിറ്റികളിലും വിവിധ തരത്തിലുള്ള രീതിയിലാണ് നികുതി ഈടാക്കുന്നത് എന്നതിനെ പരിഗണിച്ച് ഇതൊന്നു ഏകോപിപ്പിക്കുന്നതിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നികുതി ഏകോപിപ്പിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിച്ചേ പറയാൻ കഴിയുകയുള്ളു.

ശ്രീ. ഒ. ലൂക്കോസ്: ശുദ്ധജലം കിട്ടാൻ പ്രയാസമുള്ള പ്രദേശങ്ങളിൽ കഴിയുന്നത്ര വേഗത്തിൽ ഈ പദ്ധതി നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വെള്ളം കിട്ടാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നുണ്ട്. ഏതെങ്കിലും പഞ്ചായത്തുകൾ വിട്ടുപോയത് ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടിയെടുക്കാം.

ശ്രീ. വി. ജെ. ജോസഫ്: കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര പഞ്ചായത്തുകൾ എൽ.ഐ.സി.യിൽനിന്നുള്ള ലോൺ ഉപയോഗിച്ച് വാട്ടർസപ്ലൈ നടപ്പാക്കിയെന്നും അടുത്തവർഷം എത്ര പഞ്ചായത്തുകളിൽ വാട്ടർസപ്ലൈ സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഗിരിവർഗ്ഗ പ്രദേശങ്ങൾക്ക് പുതിയ സ്കീം നടപ്പാക്കുമ്പോൾ മുൻഗണന നൽകുമോ എന്നും വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംസ്ഥാനത്തെ 451 പഞ്ചായത്തുകളിൽ ഇതുവരെ പൂർണ്ണമായോ ഭാഗികമായോ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ 178 പഞ്ചായത്തുകളിൽ എൽ.ഐ.സി.യുടെ സഹായത്തോടുകൂടി തയ്യാറാക്കിയതാണ്.

ശ്രീ. പി. പി. എസ്തോസ്: ഒറ്റയൊറ്റ പഞ്ചായത്തുകൾക്ക് പല പ്പോഴും ഇത്തരം പദ്ധതികൾ നിർവ്വഹിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളെ പരിഗണിച്ച് മൂന്നു നാലു പഞ്ചായത്തുകൾ ഒന്നായി ഗ്രൂപ്പായി ചേർന്നു ആവശ്യപ്പെട്ടാൽ, ഉദാഹരണത്തിന്, പൂത്രിക പഞ്ചായത്തു അടക്കമുള്ള പഞ്ചായത്തുകൾ ഒന്നിച്ചുചേർന്നു നിവേദനം സമർപ്പിച്ചതിൽ നടപടി എവിടംവരെയായിട്ടുണ്ടെന്നു പറയാമോ; ഇത്തരത്തിൽ ഗ്രൂപ്പായി പഞ്ചായത്തുകൾ ആവശ്യപ്പെട്ടാൽ അവയ്ക്കു മുൻഗണന കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പഞ്ചായത്തുകൾ ഗ്രൂപ്പായി ആവശ്യപ്പെട്ടാൽ മുൻഗണന കൊടുക്കുന്ന കാര്യത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. സി. എ. കുര്യൻ: ഈ സാമ്പത്തിക വർഷത്തിൽ ശുദ്ധജല വിതരണത്തിനുവേണ്ടി കേന്ദ്രഗവൺമെന്റിൽനിന്നു എത്ര ലക്ഷം രൂപ കിട്ടിയിട്ടുണ്ട്; ആ തുക മുഴുവൻ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ശുദ്ധ ജല വിതരണത്തിനാവശ്യമായ പൈപ്പ് ലഭിക്കുന്നില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പല പ്രവർത്തനങ്ങളും നിറുത്തിവച്ചിരിക്കുന്നതു കൊണ്ട് പൈപ്പ് അടിയന്തിരമായി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: പ്രീമോപൈപ്പ് ഫാക്ടറി യിൽനിന്നു ആവശ്യമായ പൈപ്പ് ലഭിക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റിൽ നിന്നു എന്തു സഹായം കിട്ടിയിട്ടുണ്ടെന്നുള്ളത് നോട്ടീസ് കൂടാതെ പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ശുദ്ധജലവിതരണ പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്ന നിലവിലുള്ള ഉപദേശകബോർഡ് യോഗം ചേരാത്തതിന്റെ ഫലമായി പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റ് രൂപം കൊടുത്തിട്ടുള്ള ചില പദ്ധതികളും നടപ്പിൽ വരുത്താത്ത സാഹചര്യം ഉള്ളതായി അറിയാമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: അഡൈ്വസറി യോഗം കൂടാത്തതുകൊണ്ട് പദ്ധതികളും നടപ്പിലാക്കാതിരിക്കുകയാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി. വാസുദേവമേനോൻ: കൊല്ലങ്കോട് തുടങ്ങിയ അഞ്ചു പഞ്ചായത്തുകളും വാട്ടർസപ്ലൈ സ്കീം നടപ്പാക്കുന്നതിന് റൂറൽ ഡെവലപ്പുമെന്റുബോർഡിനു മൂന്നു കൊല്ലംമുൻപ് അപേക്ഷിച്ചിട്ട് എൽ.ഐ.സിയിൽ ലോണിന് അപേക്ഷിച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് കിട്ടിയത്. ഈ മൂന്നു കൊല്ലമായി ലോൺ അനുവദിക്കാത്തത് വാട്ടർ ബോർഡ് രൂപീകരിക്കാത്തതുകൊണ്ടാണോ; അങ്ങനെയാണെങ്കിൽ ഇതു എന്നു രൂപീകരിക്കാൻ കഴിയുമെന്നു ഉറപ്പു നൽകാൻ കഴിയുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർബോർഡ് കഴിയുന്നതും വേഗം രൂപീകരിക്കാമെന്നു ഉറപ്പു നൽകാനേ സാധിക്കുകയുള്ളു. ഇപ്പോഴും റൂറൽ ഡവലപ്പുമെന്റു ബോർഡിനു എൽ.ഐ.സി.യിൽനിന്നു പണം കിട്ടുന്നില്ല.

(ചോദ്യം 247 ചോദിച്ചില്ല.)

മുനിസിപ്പാലിറ്റികളായി ഉയർത്തപ്പെട്ട പഞ്ചായത്തുകൾ

*230 [248] ശ്രീ. വട്ടിയൂർക്കാവ് രവി:

,, ആർ. സുന്ദരേശൻ നായർ:

,, എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978 ഏപ്രിൽമാസം 1-ാം തീയതിക്കുശേഷം ഇതുവരെയായി സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി ഉയർത്തപ്പെട്ടിട്ടുണ്ട്;

(ബി) പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്തുന്നതിനു സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) പത്തു പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായ് ഉയർത്തിയിട്ടുണ്ട്.

(ബി) (1) പ്രദേശം നഗരസ്വഭാവമുള്ളതായിരിക്കണം. അതായത് പ്രസ്തുത പ്രദേശത്തെ പ്രായപൂർത്തിയായവരിൽ മുക്കാൽ ഭാഗമെങ്കിലും കാർഷികേതര തൊഴിലുകളിൽ വ്യാപൃതരായിരിക്കണം.

(2) പ്രസ്തുത പ്രദേശത്തെ ജനസംഖ്യ ഇരുപതിനായിരത്തിൽ കുറയരുത്. ജനസാന്ദ്രത 2.59 ചതുരശ്ര കിലോമീറ്ററിനു നാലായിരത്തിൽ കുറയരുത്.

(3) പ്രസ്തുത പ്രദേശത്തെ പ്രതിശീർഷ വരുമാനം അഞ്ചു രൂപയിൽ കുറയരുത്.

LIBRARY ARCHIVES Kerala Legislative Assembly